'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. കെ.വിജയൻ, റിട്ട. സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്, കോഴിക്കോട് വികസന അതോറിറ്റി ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 1968/2018 നമ്പരുള്ള 23/10/2018-ലെ വിധിന്യായം - കോടതി നിർദ്ദേശം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.915/2019/ത.സ്വ.ഭ.വ

തീയതി,തിരുവനന്തപുരം,30/04/2019

---

പരാമർശം:- 1 27.02.2007-ലെ സ.ഉ(സാധാ)നം.597/2007/തസ്വഭവ

2 WP(C)8887/2007-നമ്പരുള്ള ബഹു:ഹൈക്കോടതിയുടെ 22.03.2007 തീയതിയിലെ വിധിന്യായം.

3 30.04.2011 -ലെ സ.ഉ(സാധാ)നം.1181/11/തസ്വഭവ.

4 T.A No.829/2013-നമ്പരുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16/08/2017 തീയതിയിലെ വിധിന്യായം.

5 02.04.2018-ലെ സ.ഉ(സാധാ)നം.941/2018/തസ്വഭവ.

6 ശ്രീ.കെ.വിജയൻ, റിട്ട. സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് സമർപ്പിച്ച 18.08.2018 തീയതിയിലെ നിവേദനം

7 OA(EKM)1968/2018-നമ്പരുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23/10/2018 തീയതിയിലെ വിധിന്യായം

### ഉത്തരവ്

കോഴിക്കോട് വികസന അതോറിറ്റിയിൽ ടൈപ്പിസ്റ്റ് ഗ്രേഡ്-2 ആയി ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.വിജയന് ടൈപ്പിസ്റ്റ് തസ്തികയിൽ 10 വർഷയോഗ്യ സേവനത്തെ തുടർന്ന് തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ് I, തുടർന്ന് സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് ലഭിച്ച സ്ഥാനക്കയറ്റങ്ങൾ നൽകിയത് ടി അതോറിറ്റിയിൽ പി.എസ്.സി വഴി അസിസ്റ്റന്റ് ഗ്രേഡ് II ആയി നിയമിക്കപ്പെട്ട ശ്രീ.സി.കെ.അച്ചൻ കുഞ്ഞ് ബഹു.ഹൈക്കോടതിയിൽ WP(C)No.26759/03 നമ്പർ കേസ് പ്രകാരം ചോദ്യം ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 11/07/2006-ലെ ഉത്തരവ് പ്രകാരം മേൽ തസ്തിക മാറ്റം ക്രമപ്രകാരമല്ല എന്ന് കണ്ടെത്തി പരമാർശം (1)-ലെ ഉത്തരവ് പ്രകാരം ആയത് റദ്ദ് ചെയ്യുകയുണ്ടായി.

(2) മേൽ തരംതാഴ്ത്തൽ ഉത്തരവിനെതിരെ ശ്രീ.കെ.വിജയൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)8887/07 ൽ പരാമർശം(2)ലെ സ്റ്റേ ഉത്തരവ് പ്രകാരം ടിയാനെ സെലക്ഷൻ ഗ്രേഡ്

അസിസ്റ്റന്റ് തസ്തികയിൽ തുടരാൻ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി അനുവദിക്കുകയുണ്ടായി. WP(C) No.8887/07 നമ്പർ കേസ്സ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് TA 829/13 നമ്പരായി മാറുകയും , 31.05.2016-ൽ ടിയാൻ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ വിരമിച്ചതിനാൽ, സേവനവിരാമത്തെത്തുടർന്ന് നിരർത്ഥകമായി (Infructuous) കണക്കാക്കി പരാമർശം (4) പ്രകാരം കോടതി കേസ് അവസാനിപ്പിച്ചു.

(3) ഈ കാലയളവിൽ അർഹമായ ഉദ്യോഗക്കയറ്റം നല്കണമെന്നാവശ്യപ്പെട്ട് ശ്രീ.സി.കെ.അച്ചൻകുഞ്ഞ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.16175/07 നമ്പർ കേസിലെ 14/10/2010-ലെ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.സി.കെ.അച്ചൻകുഞ്ഞ് 01/12/2000-ൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടി തിയ്യതിക്കുശേഷം സീനിയോറിറ്റി ലിസ്റ്റ് അനുസരിച്ച് ഏതു തിയ്യതിയിൽ അസിസ്റ്റന്റ് ഗ്രേഡ് -1, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം ലഭിക്കുമായിരുന്നു എന്ന് കണ്ടെത്തി ആ തിയ്യതികളിൽ സാമ്പത്തിക ആനുകൂല്യം ഇല്ലാതെ, നോഷണലായി ഉദ്യോഗക്കയറ്റം നല്കുവാൻ പരാമർശം (3) പ്രകാരം ഉത്തരവായി. മേൽ സ്ഥാനക്കയറ്റങ്ങളുടെ സാമ്പത്തിക ആനുകൂല്യം ഉദ്യോഗക്കയറ്റത്തിനർഹമായ തീയതി മുതൽ അനുവദിക്കണമെന്നാവശ്യപ്പെട്ട ടിയാൻ ഫയൽ ചെയ്ത WP(C)16514/11 നമ്പർ കേസ് പിന്നീട് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് TA 1064/2013നമ്പർ കേസായി മാറുകയും ടി കേസിലെ 13/11/2017-ലെ വിധിയെ തുടർന്ന് സ്ഥാനക്കയറ്റ തിയതി മുതൽ സാമ്പത്തികാനുകൂല്യം അനുവദിക്കാൻ പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

(4) ശ്രീ.കെ.വിജയൻ വിരമിച്ചതിനാലും, അംഗപരിമിതനാണെന്നുള്ള വസ്തുത കണക്കിലെടുത്തും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് അസിസിസ്റ്റന്റ് ഗ്രേഡ് 1 -ലേക്കു നൽകിയ തസ്തിക മാറ്റവും തുടർന്നു നൽകിയ സ്ഥാനക്കയറ്റങ്ങളും അംഗീകരിച്ചും അപ്രകാരം നിയമിതനായപ്പോൾ ലഭിക്കേണ്ടിയിരുന്ന എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചു നൽകണം എന്നീ ആവശ്യങ്ങളുമായി പരാമർശം (6) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയും, ഈ നിവേദനം കാലതാമസം കൂടാതെ പരിഗണിക്കണമെന്ന ആവശ്യവുമായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ടിയാൻ OA(EKM)1968/2018 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു.

(5) പരാമർശം(7)-ലെ ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിൽ, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പരാമർശം (6) പ്രകാരം ശ്രീ.കെ.വിജയൻ സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ (Annexure A5) നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ഈ കേസിലെ ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയുണ്ടായി.

(6) നിർത്തലാക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റിയിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്

തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ഗ്രേഡ് 1 ലേക്കു തസ്തികമാറ്റം വഴി നിയമിതനായപ്പോൾ ലഭിക്കേണ്ടിയിരുന്ന എല്ലാ ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ച് കിട്ടണം എന്നതാണ് പരാമർശം (6) പ്രകാരം പരാതിക്കാരന്റെ ആവശ്യം.

(7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് I തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് ആവശ്യമായ, പി.എസ്.സി നടത്തുന്ന പ്രത്യേക പരീക്ഷയിലെ വിജയം അഥവാ അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.എ , ബി.എസ്.സി , ബി.കോം ബിരുദം , പി.എസ്.സി നടത്തുന്ന അക്കൗണ്ട് ടെസ്റ്റ് ലോവറും സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ ടെസ്റ്റും പാസ്സായിരിക്കണം എന്നീ യോഗ്യതകൾ ഇല്ലാത്തതിനാൽ ടിയാന്റെ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേക്കുള്ള തസ്തികമാറ്റം ക്രമപ്രകാരം അല്ലാത്തതിനാലും, 2016-ലെ അംഗപരിമിതരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള നിയമത്തിന്റെ ആറാം അദ്ധ്യായത്തിലെ ചട്ടം 34 (1) പ്രകാരം നിവേദനത്തിലെ (Annexure A5) ആവശ്യം പരിഗണനാർഹമല്ലാത്തതിനാലും ശ്രീ. വിജയന്റെ പരാമർശം (6) പ്രകാരമുള്ള നിവേദനത്തിലെ ആവശ്യങ്ങൾ നിരസിച്ചുകൊണ്ടും ഇപ്രകാരം ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.എസ്.ശ്രീകല
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.കെ.വിജയൻ,കൃഷ്ണവിലാസം , സർവീസ് സഹകരണബാങ്കിന് സമീപം ,
ഊരൂട്ടമ്പലം പി.ഒ, -695507
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ